## കേരള സർക്കാർ

### സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഡോ.എം.പി.ഗംഗ. കൺസൾട്ടന്റ്, ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട ഫയൽ ചെയ്ത O.A (EKM) നം.2335/2017 മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25.10.2017-ലെ വിധിന്യായത്തിലെ നിർദ്ദേശം അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ(സാധാ)നം.980/2018/ആ.കു.വ തിരുവനന്തപുരം, തീയതി, 23.03.2018.

പരാമർശം:-1) സ.ഉ (സാധാ) നം.2751/2017/ആവഡ തീയതി 06.10.2017.

2) ഡോ.എം.പി.ഗംഗ, കൺസൾട്ടന്റ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക സമർപ്പിച്ച 19.10.2017-ലെ നിവേദനം (Annexure A8)

3) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25.10.2017-ലെ ഡോ.എം.പി.ഗംഗ ഫയൽ ചെയ്ത O.A (EKM) നം.2335/2017 മേലുള്ള വിധിന്യായം.

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07.12.2017-ലെ ഇസി.5 -87946/17/ആവഡ നമ്പർ കത്ത്

### ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ് ഡോ.എം.പി.ഗംഗ, 15/09/2017-ന് ജില്ലാ ആശുപത്രിയിൽ എത്തിച്ച ശാരീരിക പീഡനത്തിനിരയായ അഞ്ചു വയസ്സുള്ള പെൺകുട്ടിയെ പരിശോധിക്കാൻ വിസമ്മതിച്ച എന്ന കാരണത്താൽ പരാമർശ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്ത നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരത്തിന് മുമ്പാകെ O.A (EKM) നം.2335/2017 ഫയൽ ചെയ്യുകയുണ്ടായി.

2. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 25.10.2017-ലെ വിധിന്യായത്തിൽ പരാമർശം 2-ലെ നിവേദനം പരിശോധിച്ച് യുക്തമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3. ആയത് പ്രകാരം, 08.12.2017-ന് ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ഡോ.ഗംഗയെ നേരിൽ കേൾക്കുകയുണ്ടായി. കുട്ടിയെ ആശുപത്രിയിൽ എത്തിച്ച സമയത്ത് തന്റെ ഡ്യൂട്ടി അല്ലായിരുന്നു എന്നും അപ്പോൾ പോസ്റ്റ് ഓപ്പറേറ്റീവ് റൗണ്ട്സ് എടുക്കുകയായിരുന്നുവെന്നും ഡോ.ഗംഗ അറിയിച്ചു. രണ്ടര മാസം മുമ്പ് നടന്ന ലൈംഗിക പീഡനത്തിന് ഇരയായ പെൺകുട്ടിയെ അനസ്തേഷ്യ കൊടുത്ത് അല്ലാതെ പരിശോധിക്കാൻ സാധിക്കാത്തതു കൊണ്ടും, കോൾ ഡ്യൂട്ടിയുള്ള ഡോക്ടർ പരിശോധിക്കുമെന്ന് കരുതിയതുകൊണ്ടുമാണ് കുട്ടിയെ കാണാൻ വിസമ്മതിച്ചത് എന്ന് ഡോക്ടർ നേരിൽ കേൾക്കുന്ന സമയത്ത് അറിയിക്കുകയുണ്ടായി.

4. ഈ വിഷയം സംബന്ധിച്ച്, ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ, ശാരീരിക പീഡനത്തിനിരയായ അഞ്ചു വയസ്സുള്ള പെൺകുട്ടിയെ ഡോ.എം.പി.ഗംഗ, കൺസൾട്ടന്റ് (ഗൈനക്കോളജി) പരിശോധിക്കാൻ വിസമ്മതിച്ചു എന്ന് കാണിച്ച് കുട്ടിയുടെ രക്ഷിതാക്കളും, അയിരൂർ ഗ്രാമപഞ്ചായത്ത് മെമ്പറും ബഹു. ജില്ലാ കളക്ടർക്കും, ജില്ലാ മെഡിക്കൽ ഓഫീസർക്കും നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 27/09/2017-ന് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് ഡോ.അനിതാകുമാരി.എൽ. വിശദമായ അന്വേഷണം നടത്തുകയുണ്ടായി എന്നും, അന്വേഷണ റിപ്പോർട്ടിൽ, വനിതാ സിവിൽ പോലീസ് ഓഫീസറെ മാത്രമേ ഡോ.എം.പി.ഗംഗ സംഭവ ദിവസം കണ്ടിരുന്നുള്ളൂ എന്നും പെൺകുട്ടി ലൈംഗിക പീഡനത്തിന് ഇരയായത് രണ്ടരമാസം മുൻപാണെന്ന് വനിതാ സിവിൽ പോലീസ് ഓഫീസർ ഡോ.എം.പി.ഗംഗയോട് പറഞ്ഞിട്ടില്ല എന്നും പരാമർശിക്കുന്നു. കൂടാതെ, പെൺകുട്ടിയെ പരിശോധിക്കുവാനോ, കാണാനോ പോലും ഡോ.ഗംഗ തയ്യാറായില്ല. കുട്ടിയുടെ കൂടെ വന്ന ബന്ധുക്കളോടു പോലും ഡോ.ഗംഗ സംസാരിക്കാൻ കൂട്ടാക്കിയില്ല. പീഡിയാട്രിക് അനസ്തേഷ്യ കൊടുത്തു വേണം കുട്ടിയെ പരിശോധിക്കാൻ എന്ന് ഡോ.എം.പി.ഗംഗ, വനിതാ സിവിൽ പോലീസ് ഓഫീസറെ അറിയിച്ചിട്ടേയില്ല എന്നും, മറിച്ച് അഞ്ചു വയസ്സുള്ളതോ അതിൽ കുറവായതോ ആയ കുട്ടികളെ കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ മെഡിക്കൽ പരിശോധന നടത്താൻ പറ്റില്ല, നിങ്ങൾ കുട്ടിയെ മെഡിക്കൽ കോളേജിൽ കൊണ്ടു പോകണം എന്നാണ് ഡോ.ഗംഗ പറഞ്ഞതെന്ന് വനിതാ സിവിൽ പോലീസ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. റഫർ ചെയ്തു തരുമോ എന്ന് പോലീസ് ഓഫീസർ ചോദിച്ചപ്പോൾ അതിന്റെ ആവശ്യം ഇല്ല, അങ്ങ് കൊണ്ടു പോയാൽ മതി, ഞാൻ തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്യുമ്പോൾ അങ്ങനെയായിരുന്നു എന്ന് ഡോക്ടർ പറഞ്ഞതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. പത്തനംതിട്ട, കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ്, ഡോ.ലേഖാ മാധവനാണ് അന്നേ ദിവസം കോൾ ഡ്യൂട്ടി ചെയ്യേണ്ടിയിരുന്നത്. പ്രസ്തുത ഡോക്ടർ കോടതി ഡ്യൂട്ടിയിലായിരുന്നു എന്നാണ് ട്രിയാരിയെ നേരിൽ കേട്ട വേളയിൽ അറിയിച്ചത്. എന്നാൽ ഡോ.ലേഖാ മാധവൻ കോടതി ഡ്യൂട്ടി ആയിരുന്നുവെന്ന് അറിഞ്ഞിട്ടില്ല എന്ന് ഡോ.ഗംഗ അറിയിച്ചു. സീനിയർ ഡോക്ടറായ ഡോ.ഗംഗ ഡ്യൂട്ടിയിൽ അല്ലായിരുന്നു എങ്കിലും ആശുപത്രിയിൽ ഹാജരായിരുന്നു. കുട്ടിയെ ആശുപത്രിയിൽ കൊണ്ടു വരുന്ന സമയത്ത് ഡോ.ഗംഗ പോസ്റ്റ് ഓപ്പറേറ്റീവ് റൗണ്ട്സ് എടുക്കുകയായിരുന്നു. ആശുപത്രിയിൽ ഉണ്ടായിരുന്നിട്ടുപോലും കുട്ടിയേയോ, കുട്ടിയുടെ കൂടെ വന്നവരെയോ കാണാൻ ഡോ.ഗംഗ തയ്യാറായില്ല. ഡോ.ഗംഗ സേവന മനോഭാവത്തോടെയും ഉത്തരവാദിത്തത്തോടെയും കുടി കുട്ടിയെ പരിശോധിക്കുകയോ, അല്ലെങ്കിൽ കാണുകയോ എങ്കിലും ചെയ്യണമായിരുന്നു. ഡോ.ഗംഗ ഗൈനക്കോളജിസ്റ്റ് എന്ന ഉത്തരവാദിത്തമോ സേവന മനോഭാവമോ കാണിച്ചിട്ടില്ല എന്നാണ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഗൈനക്കോളജി വിഭാഗത്തിലെ രണ്ട് ഡോക്ടർമാർ പരസ്പര ധാരണയിൽ ഡ്യൂട്ടി കൈകാര്യം ചെയ്തില്ല എന്നാണ് രണ്ടു പേരെയും നേരിൽ കേട്ട ശേഷം മനസ്സിലാക്കാൻ കഴിഞ്ഞത്. കേവലം അഞ്ചര വയസ്സുമാത്രം ഉള്ള കുട്ടി, ഇപ്രകാരം ആശുപത്രിയിൽ വച്ച് യാതന അനുഭവിക്കേണ്ടിയും വന്നു

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അച്ചടക്ക നടപടിക്ക് വിധേയമായി ഡോ.ഗംഗയെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റിന്റെ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

7. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 4-ലെ വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊണ്ട് പരാമർശം 2-ലെ അപേക്ഷ തീർപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സരിത.ഡി,**
**ഡെപ്യൂട്ടി സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട / മലപ്പുറം.
ഡോ.എം.പി.ഗംഗ, കൺസൾട്ടന്റ് (ഗൈനക്കോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ , ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1-161/18/ആ.വ.ഡ തീയതി 24.03.2018**
അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**